4

# ഒന്നുകിൽ ജീവൻ അല്ലെങ്കിൽ മരണം

## (1:21- 26)

വില്യം ഷെയ്ക്സ്പിയറിന്റെ അറിയ–പ്പെടുന്ന ഒരു നാടകമാണ് *ഹാംലെറ്റ്*. നാടകത്തിലെ പ്രസിദ്ധ–മായ വരിയാണ് "ഹാംലെറ്റിന്റെ ആത്മഗതം": "ഒന്നു കിൽ ഉണ്ടായിരിക്കുക അല്ലെങ്കിൽ ഇല്ലാതിരിക്കുക–അത് ഒരു ചോദ്യമാണ്."[1] ആ വാക്കുകൾ പരിചയമുള്ളതാണ്, എന്നാൽ ഹാംലെറ്റിന്റെ ചോദ്യം ന മുക്ക് മനസിലാകുമോ? അയാൾ ആത്മഹത്യയെ കുറിച്ചു വിചാരിക്കുകയാ യിരുന്നു. ജീവനും മരണത്തിനുമിടക്കായിരുന്നു അവന്റെ ചിന്ത: ജീവിക്കുക ("ഉണ്ടായിരിക്കുക") അല്ലെങ്കിൽ മരിക്കുക ("ഇല്ലാതിരിക്കുക"). 1:20–26 ൽ പൗലൊസ് ജീവിക്കുന്നതാണോ അതോ മരിക്കുന്നതാണോ നല്ലത് എന്നായി രുന്നു ചിന്തിച്ചിരുന്നത്. അവൻ "വലിയ–സമ്മർദ്ദത്തിലായിരുന്നു." "പാറമതി ലുകളുള്ള ഒരു ഇടുങ്ങിയ വഴിയിൽകൂടെ ആളുകുൾ നടന്നു പോകുമ്പോൾ തിരിയുവാനോ ചരിയുവാനോ കഴിയാതെ നേരെ മാത്രമെ പോകുവാൻ കഴി യു."[2] "വിഷമമുള്ള സ്ഥലത്തിനും പാറക്കുമിടയിൽ" എന്നായിരിക്കും ഇന്നു നമ്മൾ പറയുക. ജീവിക്കുന്നതും മരിക്കുന്നതുമായ രണ്ടു മതിലുകൾക്കിടയി ലായിരുന്നു പൗലൊസ്.[3]

ഹാംലെറ്റും പൗലൊസും അഭിമുഖീകരിച്ചത് ഒരേ രീതിയിലുള്ള ചോദ്യമാ യിരുന്നു, എന്നാൽ അവർക്ക് രണ്ടുപേർക്കും തമ്മിൽ എന്തൊരു അന്തരമായി രുന്നു ഉണ്ടായിരുന്നത്. തന്റെ സ്വന്ത കയ്യാലുള്ള മരണത്തെ കുറിച്ചായിരുന്നു ഹാംലെറ്റ് ചിന്തിച്ചിരുന്നത്, പൗലൊസൊ ഫലം ദൈവകരങ്ങളിൽ ഏൽപി ച്ചിരുന്നു. ഹാംലെറ്റിനു പകരമായുള്ളത് ഇഷ്ടമായിരുന്നില്ല–ജീവിതത്തിൽ അയാൾ അടിച്ചമർത്തപ്പെട്ടിരുന്നു, അതേ സമയം മരണത്തെ ഭയപ്പെടുകയും ചെയ്തു; പകരം പൗലൊസിനു രണ്ടും നല്ലതായിരുന്നു.[4] നേരിട്ടും പരോക്ഷ മായും പൗലൊസ് ജീവിച്ചിരുന്നാലും മരിച്ചാലും എന്ന ആശയത്തെയാണ് കൈകാര്യം ചെയ്യുന്നത്.

### പൗലൊസിന്റെ വൈഷമ്യം (1:21-24)

**[21]എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നു.**
**[22]എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലക്ക് ഫലം വരുമെ**
**ങ്കിൽഏതു തിരഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല. [23]ഇവ രണ്ടിനാ**
**ലും ഞാൻ ഞെരുങ്ങുന്നു. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോട് ചേരുവാൻ**
**എനിക്ക് കാംക്ഷയുണ്ട്. അത് അത്യുത്തമമല്ലൊ. [24]എന്നാൽ ഞാൻ ജഡ**
**ത്തിൽ ജീവിക്കുന്നത് നിങ്ങൾ നിമിത്തം ഏറെ ആവശ്യം.**

നീറോയുടെ മുമ്പിലെ തന്റെ വിചാരണയുടെ ഫലം എന്തുതന്നെയായാലും, ക്രിസ്തുവിനെ ഉയർത്തുവാനായിരുന്നു പൗലൊസ് തീരുമാനിച്ചത്–അവനെ മോചിപ്പിച്ചാലും (ജീവിക്കുവാൻ അനുവദിക്കുക), കോടതി മരണശിക്ഷ വിധിച്ചാലും ശരി.

വാക്യം 20 ലെ വാക്കുകളായ "ജീവിച്ചാലും മരിച്ചാലും" എന്നത് "പൗലൊസിന്റെ ആത്മഗതം" എന്നു വിളിക്കാവുന്നതാണ്.[5] താഴെ കൊടുത്തിരിക്കുന്നത് പൗലൊസിന്റെ എഴുത്തുകളിലെ ഏറ്റവും അസാധാരണ ഭാഗമെന്നു പറയാം. ജീവിക്കുന്നതാണോ നല്ലത് അഥവാ മരിക്കുന്നതാണോ നല്ലത് എന്ന് താത്വികമായി പറയുവാൻ അവന്നു കഴിഞ്ഞില്ല.

തനിക്ക് ഇഷ്ടമുള്ള ഫലം എന്തായിരിക്കുമെന്ന് അവന്റെ ഹൃദയം അന്വേഷിക്കുകയായിരുന്നു. അത് അപ്പൊസ്തലൻ ഒരു പേപ്പർ എടുത്തിട്ട് നടുവിൽ ഒരു വര വരച്ച്, മുകളിൽ "ജീവിക്കുക" എന്നെഴുതുകയും വരയുടെ തൊട്ടു താഴെ "മരിക്കുക" എന്നുമെഴുതിയ ശേഷം, രണ്ടിന്റേയും നേട്ടങ്ങൾ ഓരോ കോളത്തിലും എഴുതുന്നതുപോലെയാണ്.

**വാക്യം 21.** ജീവിക്കുന്നതിനുള്ള ഒരു ഉദ്ദേശത്തോടുകൂടിയാണ് പൗലൊസ് ആരംഭിച്ചത്: *ജീവിക്കുന്നത്=ക്രിസ്തു*. **എനിക്ക് ജീവിക്കുന്നത് ക്രിസ്തു ആകുന്നു.** "ഇത് പുതിയനിയമത്തിലെ മർമ്മപ്രധാനമായ വേദഭാഗമാണ്."[6] അതിനെ ഫിലിപ്പിയ ലേഖനത്തിന്റെ ഹൃദയഭാഗം എന്നു വിളിക്കാം.

"എനിക്ക്" എന്നത് *എമോയി* എന്ന വാക്ക് തർജിമ ചെയ്തതാണ്, അത് വാചകത്തിന്റെ ആദ്യമാണ് ഊന്നൽ കൊടുത്ത് ഉപയോഗിച്ചിരിക്കുന്നത്. അടിസ്ഥാനപരമായി പൗലൊസ് പറഞ്ഞത്, "മറ്റുള്ളവർക്ക് ജീവിതം എന്തായാലും, *എനിക്ക്* അത് ക്രിസ്തു ആണ്." പൗലൊസിന്റെ ജീവിതത്തിൽ ഫിലിപ്സിന്റെ തർജിമ പറയുന്നത്, "എനിക്കു ജീവിക്കുക എന്നു പറഞ്ഞാൽ അത് ക്രിസ്തുവാണ്." പൗലൊസിന്റെ ജീവിതത്തിലെ ആരംഭവും, അവന്റെ ജീവിതത്തിലെ വെല്ലുവിളിയും, ലക്ഷ്യവും, ശക്തിയും, ഉന്നവും ക്രിസ്തു ആയിരുന്നു.

വരുവാനിരിക്കുന്ന തന്റെ വിചാരണ ഒരുപക്ഷെ അവനെ തുടർന്നും ജീവിക്കുവാൻ അനുവദിച്ചേക്കാം എന്നു പൗലൊസ് കരുതിയിരിക്കുവാൻ സാധ്യതയുണ്ട്, ഫലം ശരിയായതായിരിക്കും എന്ന് അവൻ ഉറപ്പിച്ചിരുന്നു. അപ്പോഴും അവൻ ക്രിസ്തുവിനോട് ചേർന്നു നിൽക്കും.

നേരെ മറിച്ച്, അവൻ വിട്ടുകളയുമായിരുന്നില്ല; അവന്റെ ജീവൻ നഷ്ടപ്പെട്ടേക്കാം. (വാസ്തവത്തിൽ, അവൻ രണ്ടാം പ്രാവശ്യം തടവിലാ*യപ്പോൾ*, ഏതാനും വർഷങ്ങൾക്കു ശേഷം അവനെ കൊല്ലുകയായിരുന്നു.) ആ സാധ്യത അവനെ വേദനിപ്പിക്കാത്തതിന്റെ കാരണം അവൻ വ്യക്തമാക്കി: *മരണം=ലാഭം*. അവൻ പറഞ്ഞു, **എനിക്ക് മരിക്കുന്നത് ലാഭമാണ്**. മരണത്തിൽ ആശ്വാസമായിരിക്കാം പൗലൊസ് കണ്ടത്. അവൻ സഹിച്ചുകഴിഞ്ഞതും സഹിച്ചുകൊണ്ടിരുന്നതുമായ നിരവധി കുഴപ്പങ്ങൾ ഫിലിപ്പിയ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു (1:7, 13, 17, 30; 4:3, 14). അതിനു പുറമെ, അവൻ എത്ര ക്ഷീണിതനായിരുന്നു എന്നു അവന്റെ മറ്റു എഴുത്തുകൾ നമ്മെ ബോധ്യപ്പെടുത്തുന്നു, ഫിലെമോൻ 9 ൽ, പൗലൊസ് ഫിലിപ്പിയർക്ക് എഴുതിയ സമയത്തു തന്നെ എഴുതിയതിൽ അപ്പൊസ്തലനെ വിവരിക്കുന്നത്, "പൗലൊസ് എന്ന വയസനായ ഞാൻ, ഇപ്പോൾ ക്രിസതുയേശുവിന്റെ ബദ്ധനുമാണ്." തന്റെ ചില പരീക്ഷണങ്ങളെ അവൻ 2 കൊരിന്ത്യർ 11:23–28 ൽ വിവരിച്ചിരിക്കുന്നു:

> അവർ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരോ?–ഞാൻ ബുദ്ധിഭ്രമമായി സംസാരിക്കുന്നു–ഞാൻ അധികം, ഞാൻ ഏറ്റവും അധികം അദ്ധ്വാനിച്ചു, അധികം പ്രാവശ്യം തടവിലായി. അനവധി അടികൊണ്ടു, പലപ്പോഴും പ്രാണഭയത്തിലായി, യെഹൂദന്മാരാൽ ഞാൻ ഒന്നു കുറയ നാൽപത് അടി അഞ്ചുവട്ടം കൊണ്ടു; മൂന്നു വട്ടം കോലിനാൽ അടി കൊണ്ടു; ഒരിക്കൽ കല്ലേറു കൊണ്ടു. മൂന്നുവട്ടം കപ്പൽ ഛേതത്തിൽ അകപ്പെട്ടു; ഒരു രാപ്പകൽ വെള്ളത്തിൽ കഴിച്ചു; ഞാൻ പലപ്പോഴും യാത്ര ചെയ്തു; നദികളിലെ ആപത്ത്, കള്ളന്മാരാലുള്ള ആപത്ത്, സ്വജനത്താലുള്ള ആപത്ത്, ജാതികളാലുള്ള ആപത്ത്, പട്ടണത്തിലെ ആപത്ത്, കാട്ടിലെ ആപത്ത്, കടലിലെ ആപത്ത്, കള്ളസഹോദരന്മാരാലുള്ള ആപത്ത്; അദ്ധ്വാനം, പ്രയാസം, പലവട്ടം ഉറക്കിളപ്പ്, പൈദാഹം, പലവട്ടം പട്ടിണി, ശീതം നഗ്നത, എന്നീ അസാധാരണ സംഗതികൾ ഭവിച്ചതുകൂടാതെ എനിക്ക് ദിവസേന സർവ്വ സഭകളെയും കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ട്.

വെളിപ്പാട് 14:13 ലെ അനുഗ്രഹങ്ങൾ ആർക്കെങ്കിലും ലഭിക്കുമെങ്കിൽ, അത് തീർച്ചയായും പൗലൊസിനു ലഭിക്കും. "കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ ... അതേ അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു വിശ്രമിക്കേണ്ടതാകുന്നു." മരണം പൗലൊസിന്, പാപത്തിൽനിന്നും രോഗത്തിൽനിന്നും, ദുഃഖത്തിൽനിന്നുമുള്ള വിടുതലാണ്.

എങ്ങനെയായാലും, വാക്യത്തിന്റെ ആദ്യഭാഗവും അവസാനഭാഗവും യോജിപ്പിച്ച് നിർത്തണം: "എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നു." ക്രിസ്തുവിനുവേണ്ടി *മാത്രം* ജീവിച്ചതിനാലായിരുന്നു പൗലൊസിനു മരണം ലാഭമായിരുന്നത്.

**വാക്യം 22**. ജീവിക്കുവാനുള്ള മറ്റൊരു കാരണം പൗലൊസ് നൽകി: *ജീവിതം=വിലയുള്ള വേല*. **ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലക്ക് ഫലം വരും.**[7] അവൻ തുടർന്നു ജീവിക്കുകയാണെങ്കിൽ, തന്റെ മിഷ്ണറി പ്രവർത്തനം വ്യാപിപ്പിക്കുന്നതിനു അവസരം ലഭിക്കുകയും, കർത്താവിന്നായി കൂടുതൽ ഫലം സ്വരൂപിക്കുന്നതിനും കഴിയും.

തിരഞ്ഞെടുപ്പ് വിഷമമുള്ളതായിരുന്നു: **ഏതു തിരഞ്ഞെടുക്കേണ്ടു എന്നു എനിക്ക് അറിയില്ല**. "അറിയുക" എന്നത് തർജിമ ചെയ്തിരിക്കുന്നത് (*ഗ്നോറിസോ*) അർത്ഥം, "അറിയിക്കുക," "വെളിപ്പെടുത്തുക."[8] "ഞാൻ എന്തു തിരഞ്ഞെടുക്കുമെന്ന് എനിക്കു പറയുവാൻ കഴിയുന്നില്ല" എന്നാണ് എൻകെജെവിയിൽ. അവസാനം പൗലൊസ് ആ കാര്യം ദൈവത്തിൽ ഏൽപിച്ചു. യാക്കൊബ് 4:15 ലെ തത്വം അവൻ വിശ്വസിച്ചിരുന്നു: "*കർത്താവിന്നു ഇഷ്ടമുണ്ടെങ്കിൽ* ... ഞങ്ങൾ ജീവിച്ചിരുന്നു ഇന്നിന്നത് ചെയ്യും." (എംഫസിസ് ആഡഡ്).

**വാക്യം 23**. തീരുമാനം ബുദ്ധിമുട്ടുള്ളതായിരുന്നുവെങ്കിലും, പൗലൊസിനു അവന്റേതായ ഇഷ്ടമുണ്ടായിരുന്നു. മരണം തിരഞ്ഞെടുക്കുവാനുള്ള പ്രകടമായ കാരണവും അവൻ നൽകി: *മരണം=വിട്ടുപിരിഞ്ഞു* കർത്താവിനോടുകൂടെ ഇരിക്കുന്നത്. **വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്**, അത് അത്യുത്തമമല്ലോ. "വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിക്കുന്നത്" മനോഹരമാണെന്ന് പറയുവാൻ അപ്പൊസ്തലൻ മൂന്നു വാക്കുകളാൽ താര–തമ്യം ചെയ്യുന്നു. അത് "നല്ലതോ" "ഏറെ നല്ലതോ"

എന്നല്ല പറഞ്ഞത്, മറിച്ച് "*അത്യുത്തമം*" എന്നാണ് പറഞ്ഞത്!

ഈ ജീവിതം വിട്ടുപിരിയുന്നത് മനോഹരമാണെന്ന് പൗലൊസിനു എങ്ങനെ അറിയുവാൻ കഴിഞ്ഞു? നമ്മുടെ നിത്യ ഭവനം എങ്ങനെയിരിക്കുമെന്ന് ദൈവശ്വാസിയ രേഖകൾ കാണിച്ചു തന്നു നമ്മെ സഹായിച്ചിരിക്കുകയാണ്. എങ്ങനെയായാലും, പൗലൊസ് തീർച്ചയായും അത് അനുഭവിച്ചിരുന്നു. അവൻ "മൂന്നാം സ്വർഗത്തോളം ... പറുദീസയോളം എടുക്കപ്പെട്ടപ്പോൾ" വരുവാനുള്ള ലോകത്തിന്റെ അൽപ ദർശനം കാണുവാൻ അവനു കഴിഞ്ഞു (2 കൊ. 12:1–4). 2 കൊരിന്ത്യർ 12–ൽ അവൻ കേട്ടതായിട്ടാണ് പറഞ്ഞിരിക്കുന്നത്, മറ്റു വഴികളിൽ കൂടെയായിരിക്കാം പൗലൊസ് പറുദീസ എങ്ങനെയായിരിക്കും എന്നു കണ്ടത്. ഈ ലോകത്തിലെ ഏറ്റവും മനോഹരമായ ദൃശ്യങ്ങൾ കണ്ട നമുക്ക് വരുവാനുള്ള ലോകത്തിന്റെ അന്തരത്തെ കുറിച്ച് ഊഹിക്കുവാൻ മാത്രമെ കഴിയു; ഏറ്റവും വിലയിലുള്ള ഈ ജീവിതത്തിലേത് വരുവാനുള്ളതിൽ വിലയില്ലാത്തതാണ്. ഒരു നിമിഷത്തേക്ക് പൗലൊസ് പറുദീസ അൽപ ദർശനമായിട്ടായാലും കണ്ടപ്പോൾ, ഈ ലോകത്തിലെ വേദനയും, ദുഃഖവും നിമിത്തമാകാം പറുദീസയിലേക്ക് പോകുവാൻ അവൻ കാംക്ഷിച്ചത്.

മരണത്തെ മയപ്പെടുത്തി മനോഹരമായിട്ടാണ് പൗലൊസ് അവതരിപ്പിച്ചിരിക്കുന്നത്: "വിട്ടുപിരിഞ്ഞു ക്രിസ്തുവിനോട് കൂടെ ചേരുക." "വിട്ടുപിരിയുക" എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് (*അനാലുവോ* എന്നതിന്റെ വകഭേദമാണ്), ആ സംയുക്തവാക്ക് യോജിപ്പിച്ചിരിക്കുന്നത് "അപ്" (*അനാ*) എന്നും "ടു ലൂസൻ" (*ലുവോ*) എന്നുമാണ്. ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് ഒരു കൂടാരം അഴിച്ച് മാറ്റിക്കൊണ്ടുപോകുന്നത്, ഒരു കപ്പലിനെ നങ്കൂരമിട്ടുറപ്പിച്ചിരിക്കുന്നത് വേർപെടുത്തി വിടുന്നതിന്, ഒരു അടിമിയെ സ്വതന്ത്രമാക്കി വിടുന്നതിന് തുടങ്ങിയവക്കാണ്.[9] മരണം ഒരു വിട്ടുപോകലായിട്ടാണ് പൗലൊസ് കണ്ടത്. ക്രിസ്ത്യാനിക്ക് ഈ ജീവിതം ഒരു യാത്രയാണ്, ക്രിസ്തുവിനോട് ചേരുക എന്നതാണ് ഉദ്ദേശം. ആ ലക്ഷ്യസ്ഥാനത്ത് എത്തുവാൻ അനിവാര്യമായ ഘടകമാണ് മരണം. ഇതിനു ഒഴികഴിവുള്ളത്, ക്രിസ്തു മടങ്ങി വരുമ്പോൾ, വിശ്വസ്തതയോടെ ജീവിച്ചിരിക്കുന്നവർക്കാണ്.

പൗലൊസിന്, *മരണം=ക്രിസ്തുവിനോടുകൂടെ* ആകുക എന്നതിനാണ് ഊന്നൽ കൊടുത്തിരിക്കുന്നത്. വേദനയിൽനിന്നും ഈ ലോകത്തിലെ ദുരിതത്തിൽനിന്നുമുള്ള വെറുമൊരു മോചനമായിരുന്നില്ല മരണം. അതിലും വളരെയധികമാണ്. വിലയേറിയ കർത്താവുമായി ചേരുന്നതിനാണ് മരണം കൊണ്ട് ഉദ്ദേശിക്കുന്നത്.[10]

**വാക്യം 24.** ജീവിക്കുന്നതിനു മറ്റൊരു കാരണം കൂടെ പൗലൊസ് നൽകിയിരിക്കുന്നു: *ജീവിക്കുക=മറ്റുള്ളവരെ സഹായിക്കുന്നതിന് കൂടുതൽ അവസരങ്ങൾ*. **ജഡത്തിൽ ജീവിക്കുന്നത് നിങ്ങൾ നിമിത്തം ഏറെ ആവശ്യം.** മരണശേഷം ക്രിസ്തുവിനോട് ചേർന്നിരിക്കുക എന്നത് "അത്യുത്തമമല്ലൊ." എന്നാൽ ജീവിച്ചിരുന്നു മറ്റുള്ളവരെ സഹായിക്കുന്നത് "ഏറെ ആവശ്യം."

## പൗലൊസിന്റെ തീരുമാനം (1:25, 26)

**[25]ഇങ്ങനെ ഉറച്ചുകൊണ്ട്, നിങ്ങളുടെ വിശ്വാസത്തിന്റെ അഭിവൃദ്ധിക്കും സന്തോഷത്തിനുമായി തന്നെ ഞാൻ ജീവനോടിരിക്കുമെന്നും നിങ്ങളോട് എല്ലാവരോടുംകൂടെ ഇരിക്കുമെന്നും അറിയുന്നു. [26]അങ്ങനെ ഞാൻ നിങ്ങ**

**ളുടെ അടുക്കൽ മടങ്ങി വരുന്നതിനാൽ എന്നെ കുറിച്ചു നിങ്ങൾക്കുള്ള പ്രശംസ ക്രിസ്തുയേശുവിൽ വർദ്ധിപ്പാൻ ഇടയാകും.**

**വാക്യം 25, 26.** കഴിഞ്ഞ അനിശ്ചിതത്വത്തിൽനിന്ന് ആകസ്മികമായ ഒരു മാറ്റമാണ് സംഭവിക്കുന്നത്. ആ സമയത്ത് പൗലൊസിന് കർത്താവിൽനിന്നു പ്രത്യേകമായ ഒരു വെളിപ്പാട് ലഭിച്ചു എന്നാണ് ചിലർ കരുതുന്നത്. "ജഡത്തിൽ ജീവിക്കുന്നത് *നിങ്ങൾ* നിമിത്തം ഏറെ ആവശ്യം" എന്നു പറഞ്ഞിരിക്കുന്നതിനാൽ അതിന് ഏറെ സാധ്യതയുണ്ട് (1:24; എംഫസിസ് ആഡഡ്), അത് അവന്റെ മനസിലുള്ളത് വ്യക്തമാക്കുന്നു. ആഴമേറിയ ഉത്തരവാദിത്തം പൗലൊസിന്റെ ഉള്ളിലുണ്ടായിരുന്നു. അവൻ നിസ്വാർത്ഥനായിരുന്നു. മറ്റുള്ളവരോട് "ഉവ്വ്" എന്നു പറയുവാൻ സ്വാർത്ഥതയോട് "ഇല്ല" എന്നു പറയുവാൻ അവനു കഴിഞ്ഞു.

പൗലൊസിന്റെ തീരുമാനത്തെ മുഴുവനായി അഭിനന്ദിക്കുവാൻ തിരുവെഴുത്തിലെ ചില വാക്കുകൾ ഒരേസമയത്ത് നോക്കുക. അപ്പൊസ്തലൻ ആദ്യം പറഞ്ഞു, **ഇത് ബോധ്യമായി**. തന്റെ വായനക്കാർ നിമിത്തം, അവൻ ജഡത്തിൽ ജീവിക്കുന്നത് ഏറെ ആവശ്യം എന്നു അവനു "ബോധ്യമായിരുന്നു."

പിന്നെ അവൻ പറഞ്ഞു, **ഞാൻ ജീവനോടിരിക്കും എന്നു ഞാൻ അറിയുന്നു**. മറ്റൊരു വാക്കിൽ പറഞ്ഞാൽ, "ഞാൻ ജീവനോടിരിക്കുമെന്ന് എനിക്ക് അറിയാം." ഇവിടെ പറയുന്ന "ഞാൻ അറിയുന്നു" എന്നത് മുൻപ് പറഞ്ഞ അത്ര ഉറപ്പുള്ളതല്ല. തന്റെ വിചാരണയിൽ എന്താണ് സംഭവിക്കുവാൻ പോകുന്നതെന്ന കാര്യത്തിൽ പൗലൊസിന്റെ ഉള്ളിൽ ചോദ്യമായി അവശേഷിച്ചിരുന്നു എന്നു സന്ദർഭം വിവരിക്കുന്നു. എന്നിരുന്നാലും, ഒരുപക്ഷെ മോചിതനായി വീണ്ടും ഫിലിപ്പിയരും കാണും എന്ന ശക്തമായ തോന്നൽ അവനിൽ ഉണ്ടായിരുന്നു. അതേ സമയം അവൻ ഫിലെമോന്റെ ലേഖനത്തിൽ എഴുതിയത്, പൗലൊസ് അധികം താമസിക്കുന്നതിനു മുൻപ് ഫിലെമോനെ ചെന്നു കാണുമെന്ന് പ്രതീക്ഷിച്ചിരിക്കുന്നു എന്നാണ് (ഫിലെ. 22).

"ജീവിച്ചിരിക്കുകയും നിങ്ങളോടുകൂടെയിരിക്കുകയും" എന്നത് വാക്കുകൾകൊണ്ട് പന്താടുന്നതാണ് എന്നു പറയാം. "റിമെയിൻ" എന്നും "കണ്ടിന്യു" എന്നും തർജിമ ചെയ്തിരിക്കുന്നത് ഒരേ മൂല വാക്കിൽനിന്നാണ്: "റിമെയിൻ" തർജിമ ചെയ്തിരിക്കുന്നത് *മെനോ* എന്ന വാക്കിൽനിന്നാണ്, "കണ്ടിന്യു" എന്നത് തർജിമ ചെയ്തിരിക്കുന്നത് *മെനോ* എന്നും *പാരാ* എന്നും ഉള്ള വാക്കുകളാൽ യോജിപ്പിച്ചിരിക്കുകയാണ്, അർത്ഥം "എലോങ്സൈഡ്." പൗലൊസ് പറഞ്ഞു, "ഞാൻ ജീവിച്ചിരിക്കും [അതായത്, "ഞാൻ ജീവിക്കും"], അത് മാത്രമല്ല, ഞാൻ നിങ്ങളുടെ വശത്തായി, നിങ്ങളോടുകൂടെയിരിക്കും."

അതാണ് ഫിലിപ്പിയരെ വിശ്വാസത്തിൽ **സന്തോഷിക്കുവാനും അഭിവൃദ്ധിക്കും** പ്രേരണയായത്. യേശുവിലുള്ള വിശ്വാസത്തിനായി നൽകിയിരിക്കുന്ന ക്രിസ്തുവിന്റെ ഉപദേശരൂപത്തെയാണ് "വിശ്വാസം" എന്നു പറഞ്ഞിരിക്കുന്നത്–അതായത് പുതിയനിയമത്തിലെ ക്രിസ്തീയ വ്യവസ്ഥകളെല്ലാം എന്നർത്ഥം. ഫിലിപ്പിയർ വിശ്വാസം "വർദ്ധിപ്പിക്കുവാനും," വിശ്വാസത്തിൽ "സന്തോഷിക്കുവാനും" ആണ് പൗലൊസ് ആഗ്രഹിച്ചത്.

പൗലൊസ് വീണ്ടും അവർക്ക് പ്രത്യക്ഷനായി അവരെ വീണ്ടും കാണുന്നതിനാൽ, ഫിലിപ്പിയർ **ക്രിസ്തുയേശുവിലുള്ള അവരുടെ വിശ്വാസം വർദ്ധിപ്പിക്കുവാൻ** [ഇടവരും.] എന്നതായിരിക്കും ഫിലിപ്പിയരുടെ ജീവിതത്തിലെ ഫലം.

... അവന്റെ "വരവ്" (*പരോസിയ*) പ്രത്യേകമായ അർത്ഥമുള്ളതാണ്. കീഴ്പ്പെടുത്തുന്നവൻ അല്ലെങ്കിൽ, രാജാവ് പട്ടണത്തിലേക്ക് ആഘോഷപരമായി എഴുന്നെള്ളുന്നതിനാണ് ആദ്യം ആ വാക്ക് ഉപയോഗിച്ചിരുന്നത്. പൗലൊസ് വരികയാണെങ്കിൽ തീർച്ചയായും അത് വിജയം തന്നെയായിരിക്കും, എന്നാൽ അവൻ വന്നില്ലെങ്കിൽ പരാജയം ഒന്നും സംഭവിക്കുവാനില്ല.ക്രിസ്തുവിന്റെ വരവിന്നായി അർത്ഥ-സാങ്കേതികമായി അതേ വാക്ക് തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത് (ഒ വാ. 1 തെസ്സ. 2:19; 3:13; 4:15; 5:23).[11]

## പ്രായോഗികത

### മരണം ലാഭമാകുന്നത് എപ്പോൾ (1:21)

"ജീവിക്കുന്നത് *ക്രിസ്തു* ആകു*മ്പോഴാണ്* മരിക്കുന്നത് ലാഭമാകുന്നത്." "*കർത്താവിൽ* മരിക്കുന്ന മൃതന്മാർക്കാണ്" വെളിപ്പാട് 14:13 ലെ വാഗ്ദാനം. "എനിക്ക് ജീവിക്കുന്നത്, പണമാണ്" എന്നു പറഞ്ഞാലോ അല്ലെങ്കിൽ–"സുഖഭോഗമാണ്" അതുമല്ലെങ്കിൽ ക്രിസ്തു ഒഴിച്ച് മറ്റെന്തെങ്കിലും അണെന്ന് പറഞ്ഞാലോ? ഈ പ്രസ്താവനകൾ പൂരിപ്പിക്കുവാൻ ശ്രമിക്കുക: "ജീവിക്കുന്നത് പണമാണെങ്കിൽ, മരിക്കുന്നത്-----------"; "ജീവിക്കുന്നത് സുഖഭോഗമാണെങ്കിൽ, മരിക്കുന്നത്-----------------"ഉത്തരങ്ങളുടെ സൂചന മത്തായി 16:26 ൽ കാണാം. നിങ്ങൾക്ക് ജീവിക്കുന്നത് ക്രിസ്തു ആണെങ്കിൽ, മരിക്കുന്നത് *ലാഭം* ആയിരിക്കും. നിങ്ങൾക്ക് ജീവിക്കുന്നത് മറ്റെന്തെങ്കിലും ആണെങ്കിൽ, മരിക്കുന്നത് *നഷ്ടം* ആയിരിക്കും.

### "ഇങ്ങനെ ഉറച്ചും" (1:25, 26)

നമ്മുടെ തീരുമാനങ്ങൾ നമ്മുടെ മാത്രം ഗുണത്തിന്റെ അടിസ്ഥാനത്തിലായിരിക്കരുത്, മറ്റുള്ളവരുടെ നന്മയുടെ അടിസ്ഥാനത്തിലും ആയിരിക്കണം. മരണം സമീപമായാലും അതായിരിക്കണം വാസ്തവം. ഇന്ന്, ലോകത്തിന്റെ ചില ഭാഗത്ത്, "യൂതെനേഷ്യയെ" കുറിച്ച് അഥവാ "ദയാ വധത്തെ" കുറിച്ച് വളരെ പറഞ്ഞു കേൾക്കാറുണ്ട്. "യൂതെനേഷ്യ" ഗ്രീക്ക് ഇംഗ്ലീഷിലേക്ക് പദം മാറ്റിയ വാക്കാണ്, "നല്ലത്" അല്ലെങ്കിൽ "അധികം നല്ലത്" എന്നർത്ഥം വരുന്ന (*എൻ*) എന്നും "മരണം" എന്നർത്ഥമുള്ള (*തനാടോസ്*) എന്നും യോജിപ്പിച്ച വാക്കാണ് അത്. ക്രിയാരൂപത്തിന്റെ അർത്ഥം, "നന്നായി മരിക്കുക"; ആ വാക്ക് സാധാരണ പേരുതെറ്റായി ഉപയോഗിക്കുന്നതിനുള്ളതാണ്. മരണം "നന്നായി" വരുന്നത് "കർത്താവിൽ മരിക്കുമ്പോൾ" മാത്രമാണ്.

ക്രിസ്ത്യാനിക്ക് തിരഞ്ഞെടുക്കാവുന്നതല്ല ആത്മഹത്യ. ക്രിസ്ത്യാനി മരിക്കുമ്പോൾ, ആത്മാവിനെ ദൈവകരങ്ങളിലാണ് ഏൽപിക്കുന്നത്. ആത്മഹത്യ മുതലായ "എളുപ്പമാർഗം" മരണത്തിനായി അവനോ അവളോ സ്വീകരിക്കുകയില്ല. ക്രിസ്ത്യാനി മരിക്കുന്ന അവസാനത്തെ അവസരവും മറ്റുള്ളവരെ സഹായിക്കുവാനായി ചെലവിടും. ഒന്നുമില്ലെങ്കിലും മരിക്കുമ്പോൾ ധൈര്യത്തോടെ മരണത്തെ സ്വീകരിക്കുന്ന മാതൃക മറ്റുള്ളവർക്ക് വിട്ടുകൊടുക്കുകയായിരിക്കും ചെയ്യുക.

കുറിപ്പുകൾ

[1]ഷെയിക്സ്പിയർ. ഹിസ് പ്ലേ ദ ട്രാജിക്കൽ ഹിസ്റ്ററി ഓഫ് ഹാംലെറ്റ് പ്രിൻസ് ഓഫ് ഡെൻമാർക്ക് എഴുതപ്പെട്ടത് ഏകദേശം 1600 ലാണ്. ഹാംലെറ്റിന്റെ ആത്മഗതം വരുന്നത്, നാടകം III ലെ രംഗം I ലാണ്. [2]വില്യം ബാർക്ലേ, ദ *ലെറ്റേഴ്സ് ടു ദ ഫിലിപ്പിയൻസ്, കൊലോഷ്യൻസ്, ആന്റ് തെസലൊണിയൻസ്*, റെവ. എഡി., ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1975), 27. [3]പാറ്റ് എഡ്വിൻ ഹാരെൽ, *ദ ലെറ്റർ ഓഫ് പോൾ ടു ദ ഫിലിപ്പിയൻസ്,* ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1969), 73. [4]ഹാംലെറ്റ് "നഷ്ടപ്പെട്ട/നഷ്ടപ്പെട്ട അവസ്ഥയിൽ" ആയിരുന്നു, എന്നാൽ പൗലൊസ് "വിജയിക്കുന്ന/വിജയിക്കുന്ന അവസ്ഥയിൽ" ആയിരുന്നു. [5]പൗലൊസ് ആ വാക്കുകൾ മറ്റുള്ളവരിലേക്ക് ആണു വിട്ടിരിക്കുന്നതെങ്കിലും, പല എഴുത്തുകാരും ഈ വേദഭാഗത്തെ ഹാംലെറ്റിന്റെ ആത്മഗതത്തോടാണ് താരതമ്യം ചെയ്തിരിക്കുന്നത്. ജീവനെയും മരണത്തെയും കുറിച്ചുള്ള അപ്പൊസ്തലന്റെ വിവരണത്തെ കുറിച്ച് ബർട്ടൻ കോഫ്മാൻ പറഞ്ഞത് "പൗലൊസിന്റെ ഏറ്റവും വലിയ ആത്മഗതം" എന്നാണ് (ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ ഗലേഷ്യൻസ്, എഫെഷ്യൻസ്, ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്* [ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1977], 270). [6]ആവൻ മലോൺ, *പ്രെസ് ടു ദ പ്രൈസ്*: സ്റ്റഡീസ് ഇൻ ഫിലിപ്പിയൻസ്, (നാഷ്വിലേ:20ത് സെഞ്ചുറി ക്രിസ്റ്റ്യൻ 1991), 39. [7]"ഈ സന്ദർഭത്തിൽ, 'ജഡം' (*സർകി*) പൗലൊസിന്റെ എഴുത്തുകളിൽ പലപ്പോഴും അർത്ഥമാക്കുന്നതുപോലെ ബലഹീനസ്വഭാവമായിട്ടല്ല (1 കൊ. 1:29; ഗലാ. 2:16; റോമ. 7:25; 8:4–9), എന്നാൽ 'ശരീരം' എന്നതിനു തുല്യമായിട്ടാണ് (വിസ്. 20)" (ഹാരെൽ 72–73). [8]*ദ അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ & സൺസ്. ലിമിറ്റഡ്., 1971), 80. [9]മറ്റു രീതിയിലും ആ വാക്ക് ഉപയോഗിച്ചിട്ടുണ്, ഉദാഹരണമായി, ഒരു പ്രശ്നം പരിഹരിക്കുന്നതിന്. ഈ ഖണ്ഡികയിലെ വിവരങ്ങൾ ലഭിച്ചത് ബാർക്ലേ, 28 ൽനിന്നും; മലോൺ 41 ൽനിന്നും; വാരെൻ ഡബ്ലിയു. വിയേഴ്സ്ബേയിൽനിന്നും ആണ്. ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം. 2 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 70. [10]"വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടു ചേരുവാൻ കാംക്ഷിക്കുന്നു" എന്ന പ്രയോഗം പൗലൊസ് നടത്തിയതിനാൽ മരണത്തിനും ക്രിസ്തുവിന്റെ വരവിനും ഇടക്ക് യേശു ലൂക്കൊസ് 16 ൽ പറയുന്ന ഇടവേള ഇല്ല എന്നല്ല പൗലൊസ് അർത്ഥമാക്കിയത്. യേശു പാതാളലോകത്തെയും വാഴുന്നു (വെളി. 1:18). യേശുവിൽ മരിക്കുക എന്നാൽ "യേശുവിനോട് ചേരുക" എന്നാണണ് അർത്ഥം (1 തെസ്സ. 5:10 നോക്കുക). ക്രിസ്തുവിന്റെ മടങ്ങിവരവിനും ന്യായവിധിക്കും ശേഷമാണ്, നീതിമാന്മാർ സ്വർഗത്തിലേക്കു പോകുന്ന സമയത്താണ് നാം "യേശുവിനോടുകൂടെ ചേരുന്നത്" (1 തെസ്സ. 4:17 നോക്കുക).

[11]ഹാരെൽ, 77.